**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6098** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട 24.02.2016-ലെ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാന്നൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചു കൊണ്ട് 24.02.2016-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാ നിച്ചിരുന്നു. തുടർന്ന്, കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ അഭ്യർഥന പ്രകാരം 6 വർഷത്തേയ്ക്ക് വാടക രഹിതമായി കെട്ടിടം ലഭ്യമാക്കിയാൽ സെക്ഷൻ ആരംഭിക്കാൻ ബോർഡ് ഉത്തരവ് 16.06.2021- ൽ പുറപ്പെടുവിക്കുകയുണ്ടായി എന്നാൽ മൊത്തം 6 വർഷത്തിൽ 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമ ഒഴിവാക്കി നൽകാം എന്ന് സമ്മതിച്ചെങ്കിലും വാഗ്ദാനം ചെയ്തപോലെ തുടർന്നുള്ള 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നല്കുന്നതിനെക്കുറിച്ചുള്ള അനുകൂല തീരുമാനങ്ങൾ ഒന്നും തന്നെ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതുകൊണ്ടാണ് ഇന്ത്യാന്നൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചിലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇവ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചിലവ് കൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെ |

| | | | |
|---|---|---|---|
| | | | ന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം/കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനത്തിനുവേണ്ടി ആറ് വർഷത്തേക്ക് വാടകരഹിത കെട്ടിട സൗകര്യം ലഭ്യമാക്കാൻ കോട്ടക്കൽ നഗരസഭ തയ്യാറാണെന്ന് അറിയിച്ചിരുന്നുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചു കൊണ്ട് 24.02.2016-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാ നിച്ചിരുന്നു. തുടർന്ന്, കോട്ടക്കൽ മുൻസിപ്പാലിറ്റിയുടെ അഭ്യർഥന പ്രകാരം 6 വർഷത്തേയ്ക്ക് വാടക രഹിതമായി കെട്ടിടം ലഭ്യമാക്കിയാൽ സെക്ഷൻ ആരംഭിക്കാൻ ബോർഡ് ഉത്തരവ് 16.06.2021- ൽ പുറപ്പെടുവിക്കുകയുണ്ടായി എന്നാൽ മൊത്തം 6 വർഷത്തിൽ 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമ ഒഴിവാക്കി നൽകാം എന്ന് സമ്മതിച്ചെങ്കിലും വാഗ്ദാനം ചെയ്തപോലെ തുടർന്നുള്ള 3 വർഷത്തേക്കുള്ള വാടക കെട്ടിട ഉടമയ്ക്ക് നല്കുന്നതിനെക്കുറിച്ചുള്ള അനുകൂല തീരുമാനങ്ങൾ ഒന്നും തന്നെ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനമായ കോട്ടക്കൽ മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതുകൊണ്ടാണ് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചിലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇവ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചിലവ് കൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം/കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യാനൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ